Teachingninja.in

Latest Govt Job updates

Private Job updates

Free Mock tests available

Visit - teachingninja.in

# Kerala PSC

## Previous Year Paper
## 10th Level Phase 1 20th Feb 2021

Teachingninja.in

# 029/2021–M

| ചോദ്യ പുസ്തക അക്ഷര കോഡ് | **A** | ചോദ്യ പുസ്തക ക്രമ നമ്പർ |
|---|---|---|

**ചോദ്യങ്ങളുടെ ആകെ എണ്ണം : 100** **സമയം : 75 മിനിട്ട്**
**പരമാവധി മാർക്ക് : 100**

## ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. A, B, C, D എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക കോളത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാ ഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമനമ്പർ പുറംചട്ടയുടെ വലതുവശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടാകില്ല. അഥവാ ഉണ്ടെങ്കിൽ അക്കാര്യം ഇൻവിജിലേറ്ററുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡിലുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചേയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാ സമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് ഇൻവിജിലേറ്ററെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

Teachingninja.in

**A**

1. കേരള സർക്കാരിന്റെ 2020-ൽ സ്വാതി പുരസ്കാരം നേടിയതാര്?

   (A) അംജദ് അലി ഖാൻ
   (B) വി. ദക്ഷിണാമൂർത്തി
   (C) മങ്ങാട് കെ. നടേശൻ
   (D) ഡോ. എൽ. സുബ്രഹ്മണ്യം

2. പ്രശസ്ത തിരക്കഥാകൃത്തും സംവിധായകനുമായിരുന്ന സച്ചി 2020 ജൂൺ 18-ന് അന്തരിച്ചു. അദ്ദേഹത്തിന്റെ പൂർണമായ പേര് എന്താണ്?

   (A) ആർ.കെ. സച്ചിദാസ്
   (B) കെ.ആർ. സച്ചിദാനന്ദൻ
   (C) കെ.എസ്. സച്ചിദാസ്
   (D) എസ്.കെ. സച്ചിദാനന്ദൻ

3. കോട്ടയത്തെ കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ ചെയർമാനായി നിയമിതനായത്?

   (A) കമൽ
   (B) ഷാജി എൻ. കരുൺ
   (C) അടൂർ ഗോപാലകൃഷ്ണൻ
   (D) സണ്ണി ജോസഫ്

4. കേരളത്തിലെ ആദ്യത്തെ പൈതൃക ബീച്ച്?

   (A) കോവളം ബീച്ച്
   (B) വർക്കല ബീച്ച്
   (C) മുഴുപ്പിലങ്ങാട് ബീച്ച്
   (D) അഴീക്കോട് മുനയ്ക്കൽ ഡോൾഫിൻ ബീച്ച്

5. തിരുവനന്തപുരം ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിൽ രാജകുടുംബത്തിന്റെ അവകാശം അംഗീകരിച്ചുകൊണ്ട് സുപ്രീംകോടതി പ്രഖ്യാപിച്ച വിധിയിൽ ?

   (A) വി.പി. മേനോൻ
   (B) വി.കെ. കൃഷ്ണമേനോൻ
   (C) സി. കേശവൻ
   (D) എ.കെ. ഗോപാലൻ

6. 2020 ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവലിൽ മികച്ച സംവിധായകനായി തിരഞ്ഞെടുക്കപ്പെട്ടത്?

   (A) അചൽ മിശ്ര
   (B) ലിജോ ജോസഫ് പെല്ലിശ്ശേരി
   (C) ഗീതു മോഹൻദാസ്
   (D) ഡോ. ബിജു



Teachingninja.in

7. ദേശീയ യുവജനദിനാഘോഷത്തിന്റെ (ജനുവരി 12) ഭാഗമായി 2020-ൽ നാഷണൽ യൂത്ത് ഫെസ്റ്റിവൽ സംഘടിപ്പിച്ചതെവിടെ?

(A) ലഖ്നൗ
(B) നോയിഡ
(C) ബാംഗ്ലൂർ
(D) ഹൈദരാബാദ്

8. 2020-ലെ രാജ്യാന്തര യോഗ ദിനത്തിന് വേദിയായ സ്ഥലം?

(A) കാൺപൂർ
(B) ലേ
(C) അഹമ്മദാബാദ്
(D) നാസിക്

9. നാഷണൽ ബുക്ക് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 2020 ജനുവരിയിൽ വേൾഡ് ബുക്ക് ഫെയർ നടന്നതെവിടെ?

(A) ഗോവ
(B) ന്യൂഡൽഹി
(C) മുംബൈ
(D) ചെന്നൈ

10. 2020-ൽ കോമൺവെൽത്ത് ചെറുകഥാ പുരസ്കാരം നേടിയ ഇന്ത്യൻ സാഹിത്യകാരി?

(A) ശൈലി ചോപ്ര
(B) ജുംപാ ലാഹിരി
(C) അനിത നായർ
(D) കൃതിക് പാണ്ഡേ

11. ചുവടെ ചേർത്തിട്ടുള്ളവയിൽ ഇന്ത്യയെക്കാൾ വലിപ്പമുള്ള രാജ്യം ഏതാണ്?

(A) ബ്രസീൽ
(B) ഫ്രാൻസ്
(C) ഈജിപ്ത്
(D) ഇറാൻ

12. ഇന്ത്യയുടെ അക്ഷാംശ വ്യാപ്തി:

(A) 8 14 N-37 7 N
(B) 8 4′ N-37 6′ N
(C) 12 6′ N-97 25′ N
(D) 8 4′ E-37 6′ E

13. ഇന്ത്യയിലെ ഏറ്റവും വലിയ പീഠഭൂമി?

(A) മാൾവ പീഠഭൂമി
(B) ഡെക്കാൻ പീഠഭൂമി
(C) വിന്ധ്യ പീഠഭൂമി
(D) ബേരുൾ പീഠഭൂമി



Teachingninja.in

**A**

14. ഹിൽ സ്റ്റേഷനുകളുടെ രാജകുമാരി എന്നറിയപ്പെടുന്ന സുഖവാസ കേന്ദ്രം:

(A) ഡാർജിലിങ് (B) കൊടൈക്കനാൽ

(C) മുസോറി (D) നീലഗിരി

15. ബംഗാൾ ഉൾക്കടൽ നദീവ്യൂഹത്തിൽ ഉൾപ്പെടാത്ത നദി:

(A) കൃഷ്ണ (B) കാവേരി

(C) നർമ്മദ (D) മഹാനദി

16. ഇന്ത്യയിലെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന എയർപോർട്ടായ ലേ ഏത് നദിക്കരയിലാണ്?

(A) ഗംഗ (B) യമുന

(C) സിന്ധു (D) ബ്രഹ്മപുത്ര

17. മൺസൂൺ എന്ന വാക്ക് ഏതു ഭാഷയിൽ നിന്ന് എടുത്തതാണ്?

(A) അറബി (B) ലാറ്റിൻ

(C) ഇംഗ്ലീഷ് (D) സംസ്കൃതം

18. കാൽബൈശാഖി എന്നത്.

(A) കാറ്റ് (B) നൃത്തം

(C) മേഘം (D) ഉത്സവം

19. അസമിലെ കാസിരംഗ ദേശീയോദ്യാനം ഏതു മൃഗത്തിന് പ്രസിദ്ധമാണ്?

(A) കാട്ടുകഴുത (B) ഒറ്റക്കൊമ്പൻ കാണ്ടാമൃഗം

(C) ഹിപ്പോപ്പൊട്ടാമസ് (D) സിംഹം

20. ഇന്ത്യയിലെ ഏറ്റവും ഉയരത്തിലുള്ള ദേശീയോദ്യാനം?

(A) മാനസ് ദേശീയോദ്യാനം

(B) കാഞ്ചൻ ജംഗ ദേശീയോദ്യാനം

(C) ജൽദപ്പാറ ദേശീയോദ്യാനം

(D) ഡച്ചിഗാം നാഷണൽ പാർക്ക്

Teachingninja.in



Teachingninja.in

21. യൂറോപ്പിൽനിന്നും ഇന്ത്യയിലേക്കുള്ള നാവികമാർഗ്ഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിൽ എത്തിയ പോർച്ചുഗീസ് നാവികൻ:

(A) അൽഫോൻസ ഡി. അൽബുക്കർക്ക്

(B) പെട്രോ അൽ വാരിസ് കബ്രാൾ

(C) വാസ്കോ ഡ ഗാമ

(D) ഫ്രാൻസിസ്കോ ഡി അൽമേഡ

22. ഝാൻസി റാണി വീരമൃത്യു വരിച്ച വർഷം?

(A) 1858 (B) 1859

(C) 1860 (D) 1857

23. ഏത് ഗവർണർ ജനറലിന്റെ കാലത്താണ് ബനാറസ് ഉടമ്പടി ഒപ്പ് വച്ചത്?

(A) വാറൻ ഹേസ്റ്റിംഗ്സ് (B) കോൺവാലിസ്

(C) വില്ല്യം ബെന്റിക് (D) ഡൽഹൗസി

24. ഇന്ത്യയുടെ മത-സാമൂഹിക പരിഷ്കരണ രംഗത്ത് ഏറ്റവും കൂടുതൽ സംഭാവനയർപ്പിച്ച പ്രസ്ഥാനം:

(A) ദേവസമാജം (B) ആര്യസമാജം

(C) പ്രാർത്ഥനസമാജം (D) ബ്രഹ്മസമാജം

25. ഏതു വർഷമാണ് ആത്മീയ സഭ രൂപീകരിച്ചത്?

(A) 1814 (B) 1815

(C) 1816 (D) 1817

26. പഞ്ചശീല തത്വങ്ങളിൽ ഒപ്പുവച്ച ഇന്ത്യൻ പ്രധാനമന്ത്രി:

(A) ജവഹർലാൽ നെഹ്റു (B) ഇന്ദിരാഗാന്ധി

(C) മൊറാർജി ദേശായി (D) രാജീവ് ഗാന്ധി

27. പൈയന്നൂരിൽ നടന്ന നാലാം അഖിലകേരള രാഷ്ട്രീയ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത്:

(A) ജവഹർലാൽ നെഹ്റു (B) ലാൽ ബഹദൂർ ശാസ്ത്രി

(C) കെ. കേളപ്പൻ (D) മഹാത്മാ ഗാന്ധി



Teachingninja.in

28. ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യ സത്യാഗ്രഹം:

(A) ബർദോളി സത്യാഗ്രഹം

(B) ഖേഡ സത്യാഗ്രഹം

(C) ചമ്പാരൻ സത്യാഗ്രഹം

(D) അഹമ്മദാബാദ് സത്യാഗ്രഹം

29. ഇന്ത്യയിലെ ആദ്യത്തെ ഉപരാഷ്ട്രപതി:

(A) ഗ്യാനി സെയിൽ സിങ്ങ്

(B) ഡോ. സക്കീർ ഹുസൈൻ

(C) ഡോ. എസ്. രാധാകൃഷ്ണൻ

(D) വി വി ഗിരി

30. ഒരു സംസ്ഥാനത്തെ ഗവർണർ ആയതിനുശേഷം പ്രസിഡണ്ട് ആയ ആദ്യ വ്യക്തി?

(A) എ പി ജെ അബ്ദുൾ കലാം

(B) നീലം സഞ്ജീവറെഡ്ഡി

(C) ഡോ. സക്കീർ ഹുസൈൻ

(D) ഫക്രുദ്ദീൻ അലി അഹമ്മദ്

31. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

(A) മൗലികാവകാശങ്ങൾ

(B) ഇന്ത്യയിലെ പ്രദേശങ്ങൾ

(C) പൗരത്വം

(D) നിർദ്ദേശക തത്വം

32. മൗലികാവകാശങ്ങൾ ഉൾപ്പെടെ ഭരണഘടനയുടെ ഏതു ഭാഗവും ഭേദഗതി ചെയ്യുവാൻ പാർലമെന്റിനു അധികാരമുണ്ടെന്നു വ്യവസ്ഥ ചെയ്ത ഭേദഗതി:

(A) 21-ാം ഭേദഗതി

(B) 24-ാം ഭേദഗതി

(C) 26-ാം ഭേദഗതി

(D) 27-ാം ഭേദഗതി

33. സ്വത്ത് സമ്പാദിക്കാനും സംരക്ഷിക്കാനുമുള്ള മൗലികാവകാശത്തെ നിയമാവകാശമായി മാറ്റിയ ഭരണഘടനാഭേദഗതി:

(A) 44-ാം ഭേദഗതി

(B) 46-ാം ഭേദഗതി

(C) 47-ാം ഭേദഗതി

(D) 49-ാം ഭേദഗതി

34. പൊതുനിയമനങ്ങളിൽ അവസര സമത്വം ഉറപ്പുനൽകുന്ന ഭരണഘടനാ വകുപ്പ്:

(A) അനുച്ഛേദം 15

(B) അനുച്ഛേദം 16

(C) അനുച്ഛേദം 20

(D) അനുച്ഛേദം 21



Teachingninja.in

35. അടിയന്തരാവസ്ഥക്കാലത്ത് മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുന്നത് ഏതു വകുപ്പു പ്രകാരമാണ്?

(A) 350
(B) 359
(C) 300
(D) 360

36. ഇന്ത്യയിൽ മനുഷ്യാവകാശ സംരക്ഷണ നിയമം നിലവിൽ വന്ന വർഷം:

(A) 1990
(B) 1993
(C) 1994
(D) 1996

37. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ചെയർമാനേയും അംഗങ്ങളേയും നിയമിക്കുന്നത്:

(A) രാഷ്ട്രപതി
(B) ഹൈക്കോടതി ചീഫ് ജസ്റ്റിസ്
(C) മുഖ്യമന്ത്രി
(D) ഗവർണർ

38. താഴെ പറയുന്നവരിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ എക്സ് ഒഫീഷ്യോ മെമ്പറല്ലാത്തത് ആര്?

(A) കേന്ദ്ര നിയമകാര്യ വകുപ്പ് മന്ത്രി
(B) ദേശീയ വനിതാ കമ്മീഷൻ ചെയർപേഴ്സൺ
(C) ദേശീയ പട്ടികവർഗ്ഗ കമ്മീഷൻ ചെയർപേഴ്സൺ
(D) ദേശീയ പട്ടികജാതി കമ്മീഷൻ ചെയർപേഴ്സൺ

39. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളെ ശുപാർശ ചെയ്യുന്ന കമ്മിറ്റിയുടെ ചെയർമാൻ:

(A) സംസ്ഥാന പ്രതിപക്ഷ നേതാവ്
(B) മുഖ്യമന്ത്രി
(C) നിയമസഭാ സ്പീക്കർ
(D) ഗവർണർ

40. ദേശീയ വനിതാകമ്മീഷനിലെ ആദ്യ പുരുഷ അംഗമാര്?

(A) ആർ കെ മാത്തൂർ
(B) സൂരജ് ഭാൻ
(C) രാംധൻ
(D) അലോക് റവാത്ത്



Teachingninja.in

41. കേരളത്തിലെ വടക്കേ അറ്റത്തുള്ള പഞ്ചായത്ത്:

(A) മഞ്ചേശ്വരം
(B) മടിക്കൈ
(C) ചെംനാട്
(D) മംഗൽപാടി

42. ഇന്ത്യയുടെ ആകെ വിസ്തീർണ്ണത്തിന്റെ എത്ര ശതമാനമാണ് കേരളം?

(A) 1.28
(B) 1.18
(C) 2.18
(D) 1.38

43. കേരളത്തിൽ കളിമൺ നിക്ഷേപം കൂടുതലുള്ള പ്രദേശം:

(A) മൂന്നാർ
(B) പുനലൂർ
(C) കുണ്ടറ
(D) തലശ്ശേരി

44. മണ്ണിനെക്കുറിച്ചുള്ള പഠനം ഏത് പേരിലാണ് അറിയപ്പെടുന്നത്?

(A) പെഡോളജി
(B) മെട്രോളജി
(C) ഡെർമെറ്റോളജി
(D) പീഡിയോളജി

45. വംശനാശഭീഷണി നേരിടുന്ന സിംഹവാലൻ കുരങ്ങുകൾ പ്രധാനമായും കാണപ്പെടുന്ന കേരളത്തിലെ ദേശീയോദ്യാനം:

(A) മംഗളവനം
(B) സൈലന്റ്‌വാലി
(C) ഇരവികുളം
(D) നെയ്യാർ

46. തനിമ, കൃതിക എന്നീ പദ്ധതികൾ ഏത് മേഖലയുമായി ബന്ധപ്പെട്ട കേരള സർക്കാർ നടപ്പാക്കുന്നവയാണ്?

(A) വിനോദസഞ്ചാരം
(B) കൈത്തറി
(C) ഫിഷറീസ്
(D) ആരോഗ്യം

47. ഇൻഡോ നോർവീജിയൻ ഫിഷറീസ് കമ്മ്യൂണിറ്റി പ്രൊജക്റ്റ്

(A) വിഴിഞ്ഞം
(B) അഞ്ചുതെങ്ങ്
(C) നീണ്ടകര
(D) അഴീക്കൽ



Teachingninja.in

48. കെ.എസ്.ഇ.ബിയുടെ ഏറ്റവും വലിയ ഡീസൽ പവർപ്ലാന്റ്

(A) ചീമേനി
(B) ബ്രഹ്മപുരം
(C) കായംകുളം
(D) നല്ലളം

49. കേരളത്തിൽ സ്വർണ്ണനിക്ഷേപം കൂടുതലുള്ള സ്ഥലമേതാണ്?

(A) നിലമ്പൂർ
(B) വാളയാർ
(C) കുണ്ടറ
(D) ചവറ

50. കേരളത്തിലൂടെ കടന്നു പോകുന്ന ദേശീയപാത 183 ബന്ധിപ്പിക്കുന്ന സ്ഥലങ്ങൾ:

(A) ഫറോക്ക് - പാലക്കാട്
(B) സേലം - ഇടപ്പള്ളി
(C) കോഴിക്കോട് - മൈസൂർ
(D) ഡിണ്ടിഗൽ - കൊല്ലം

51. 'കേരളത്തിലെ വിവേകാനന്ദൻ' എന്ന് അറിയപ്പെടുന്നത് ആര്?

(A) ശ്രീനാരായണ ഗുരു
(B) ആഗമാനന്ദ സ്വാമി
(C) ചിന്മയാനന്ദ സ്വാമി
(D) ചട്ടമ്പി സ്വാമികൾ

52. 1114-ന്റെ കഥ എന്ന കൃതി രചിച്ചത് ആരാണ്?

(A) ആർ. ബാലകൃഷ്ണപിള്ള
(B) അക്കാമ്മ ചെറിയാൻ
(C) മന്നത്ത് പത്മനാഭൻ
(D) കെ. കേളപ്പൻ

53. തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആക്ടിങ്ങ് പ്രസിഡന്റായ ആദ്യത്തെ വനിത:

(A) എ.വി. കുട്ടിമാളു അമ്മ
(B) അന്നാ ചാണ്ടി
(C) ആനി മസ്ക്രീൻ
(D) അക്കാമ്മ ചെറിയാൻ

54. 1909-ൽ അയ്യങ്കാളി കേരളത്തിലെ ആദ്യത്തെ കർഷക സമരം സംഘടിപ്പിച്ചത് എവിടെയാണ്?

(A) കോട്ടയം
(B) കണ്ണൂർ
(C) പുന്നപ്ര
(D) വെങ്ങാനൂർ



Teachingninja.in

A

55. 1833-ൽ ശുചീന്ദ്രം രഥോത്സവത്തിന് അവർണ്ണരുമൊത്ത് തേരിന്റെ വടംപിടിച്ച് പ്രതിഷേധിച്ച നവോത്ഥാന നായകൻ:

(A) അയ്യങ്കാളി
(B) വൈകുണ്ഠ സ്വാമി
(C) തൈക്കാട് അയ്യാഗുരു
(D) സഹോദരൻ അയ്യപ്പൻ

56. എവിടെ നിന്നുള്ള ബ്രിട്ടീഷ് സൈന്യമാണ് ആറ്റിങ്ങൽ കലാപം അടിച്ചമർത്തിയത്:

(A) പയ്യന്നൂർ
(B) തളിപ്പറമ്പ്
(C) പാനൂർ
(D) തലശ്ശേരി

57. ഒന്നാം പഴശ്ശി കലാപം അവസാനിച്ച വർഷം:

(A) 1795
(B) 1796
(C) 1797
(D) 1798

58. കുരുമുളകിന്റെ വ്യാപാരകുത്തക ബ്രിട്ടീഷുകാർ സ്വന്തമാക്കിയതുമായി ബന്ധപ്പെട്ടുണ്ടായ കലാപം:

(A) ആറ്റിങ്ങൽ കലാപം
(B) ചാന്നാർ ലഹള
(C) പൂക്കോട്ടൂർ കലാപം
(D) അഞ്ചുതെങ്ങ് കലാപം

59. ഏതു വിപ്ലവത്തിനു സാക്ഷ്യം വഹിച്ച മലയാണ് പുരളിമല

(A) കയ്യൂർ സമരം
(B) പുന്നപ്ര വയലാർ സമരം
(C) മലബാർ ലഹള
(D) പഴശ്ശി വിപ്ലവം

60. ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിനെ തുടർന്ന് എ.കെ.ജി അറസ്റ്റ് വരിച്ച വർഷം:

(A) 1931
(B) 1932
(C) 1930
(D) 1933

61. മനുഷ്യരിൽ രൂപം കൊള്ളുന്ന സ്ഥിരദന്തങ്ങളുടെ എണ്ണം:

(A) 38
(B) 32
(C) 34
(D) 36


Teachingninja.in

62. മനുഷ്യശരീരത്തിലെ ഏറ്റവും ഭാരം കുറഞ്ഞ അവയവം:

(A) വൃക്ക
(B) പാൻക്രിയാസ്
(C) ശ്വാസകോശം
(D) കരൾ

63. മനുഷ്യശരീരത്തിൽ രക്തം കട്ടപിടിക്കുന്നതിനാവശ്യമായ വസ്തു നിർമ്മിക്കപ്പെടുന്നത് എവിടെയാണ്?

(A) പാൻക്രിയാസ്
(B) ആമാശയം
(C) കരൾ
(D) തൈറോയ്ഡ്

64. ശരീരത്തിലെ അനൈച്ഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്ക ഭാഗം:

(A) മെഡുല ഒബ്ലോംഗേറ്റ
(B) സെറിബെല്ലം
(C) സെറിബ്രം
(D) തലാമസ്

65. മദ്യം ബാധിക്കുന്ന തലച്ചോറിന്റെ ഭാഗം:

(A) തലാമസ്
(B) ഹൈപ്പോതലാമസ്
(C) സെറിബ്രം
(D) സെറിബെല്ലം

66. പേശികളെക്കുറിച്ചുള്ള പഠനമാണ്:

(A) ഓസ്റ്റിയോളജി
(B) മയോളജി
(C) നെഫ്രോളജി
(D) ഫ്രെനോളജി

67. പാകം ചെയ്താൽ നഷ്ടപ്പെടുന്ന വിറ്റാമിൻ:

(A) വിറ്റാമിൻ സി
(B) വിറ്റാമിൻ എ
(C) വിറ്റാമിൻ ഇ
(D) വിറ്റാമിൻ ബി

68. ചുവടെ ചേർത്തിട്ടുള്ളവയിൽ വൈറ്റമിൻ എച്ച് എന്നറിയപ്പെടുന്നത് ഏതാണ്?

(A) ബയോട്ടിൻ
(B) ഫോളിക് ആസിഡ്
(C) തയാമിൻ
(D) റൈബോ ഫ്ലാവിൻ



Teachingninja.in

69. സെഹത് എന്ന ടെലിമെഡിസിൻ പദ്ധതിയുമായി സഹകരിച്ച ആദ്യ ആശുപത്രി:

(A) അരുണ അസഫ് അലി ഗവൺമെന്റ് ഹോസ്പിറ്റൽ

(B) അപ്പോളോ ഹോസ്പിറ്റൽ

(C) ഡോ. റാം മനോഹർ ലോഹ്യ ഹോസ്പിറ്റൽ

(D) ജി ബി പന്ത് ഹോസ്പിറ്റൽ

70. റേച്ചൽ കാഴ്സൺ രചിച്ച 'സൈലന്റ് സ്പ്രിങ്' എന്ന ഗ്രന്ഥത്തിലെ പ്രതിപാദ്യ വിഷയം എന്താണ്?

(A) ഡിഡിടി

(B) ഓസോൺ നാശനം

(C) ആഗോളതാപനം

(D) ഹരിത ഗൃഹ പ്രഭാവം

71. ഒരു മൂലകത്തിന്റെ രാസപ്രവർത്തനത്തിൽ നിർണ്ണായക പങ്കു വഹിക്കുന്ന അറ്റോമിക കണികകളേവ?

(A) ഇലക്ട്രോൺ

(B) ന്യൂട്രോൺ

(C) പ്രോട്ടോൺ

(D) പോസിട്രോൺ

72. കലാമിൻ ഏതു ലോഹത്തിന്റെ അയിരാണ്?

(A) കാൽസ്യം

(B) മെഗ്നീഷ്യം

(C) സിങ്ക്

(D) മാൻഗനീസ്

73. ഭാവിയിലെ ഇന്ധനം:

(A) കാർബൺ ഡൈ ഓക്സൈഡ്

(B) നൈട്രജൻ

(C) ഓക്സിജൻ

(D) ഹൈഡ്രജൻ

74. ബാത്തിങ് സോപ്പ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന പൊട്ടാസ്യം സംയുക്തം:

(A) പൊട്ടാസ്യം ക്ലോറൈഡ്

(B) പൊട്ടാസ്യം സൾഫേറ്റ്

(C) പൊട്ടാസ്യം ഹൈഡ്രോക്സൈഡ്

(D) പൊട്ടാസ്യം ബ്രോമൈറ്റ്



Teachingninja.in

75. ലെസ്സൈൻസ് പരീക്ഷണത്തിലൂടെ തിരിച്ചറിയുന്നതിന് സാധിക്കാത്ത മൂലകം ഏത്?

(A) നൈട്രജൻ (B) ക്ലോറിൻ

(C) ഓക്സിജൻ (D) സൾഫർ

76. പ്രവൃത്തി ചെയ്യാനുള്ള കഴിവ് ആണ് ..........

(A) ദ്രവ്യം (B) ബലം

(C) ഊർജ്ജം (D) പിണ്ഡം

77. ചുറ്റുപാടുകളെ അപേക്ഷിച്ച് ഒരു വസ്തുവിനുണ്ടാകുന്ന സ്ഥാനമാറ്റം:

(A) സ്ഥാനാന്തരം (B) ചലനം

(C) സ്ഥിതികോർജ്ജം (D) കൊഹിഷൻ

78. ദ്രവ്യത്തിന് എത്ര അവസ്ഥകളാണുള്ളത്?

(A) 3 (B) 4 (C) 7 (D) 5

79. 1 ന്യൂട്ടൺ (N) = ............ Dyne.

(A) 100 (B) $10^5$ (C) 98 (D) 102

80. സൗരയൂഥത്തിൽ നിന്ന് പുറത്തായ ഗ്രഹം ഏതാണ്?

(A) ബുധൻ (B) വ്യാഴം

(C) നെപ്റ്റ്യൂൺ (D) പ്ലൂട്ടോ

81. 400-നും 1100 നും ഇടയ്ക്ക് 6 ന്റെ എത്ര ഗുണിതങ്ങൾ ഉണ്ട്?

(A) 117 (B) 116 (C) 115 (D) 118

82. താഴെ കൊടുത്ത സംഖ്യകളിൽ 12-ന്റെ ഗുണിതം ഏത്?

(A) 3816 (B) 3247 (C) 3649 (D) 3347

83. താഴെ കൊടുത്തിട്ടുള്ള സംഖ്യകളുടെ തുക കാണുക?

13.07,21,0.3,1.25,0.137,26.546

(A) 61.203 (B) 62.303

(C) 61.303 (D) ഇതൊന്നുമല്ല



Teachingninja.in

84. 20.009 നോട് എത്ര കൂട്ടിയാൽ 50 കിട്ടും?

(A) 29.1
(B) 29.991
(C) 29.91
(D) 29.1

85. $\frac{1}{2}$ നും $\frac{1}{3}$ നും ഇടയിലുള്ള ഭിന്നസംഖ്യയാണ്:

(A) $\frac{1}{4}$
(B) $\frac{4}{7}$
(C) $\frac{3}{4}$
(D) $\frac{2}{5}$

86. ഏറ്റവും വലുത് ഏത്?

(A) $\frac{7}{11}$
(B) $\frac{13}{17}$
(C) $\frac{3}{7}$
(D) $\frac{21}{25}$

87. 4 കുട്ടികൾക്ക് ശരാശരി 7 വയസ്സ്. അഞ്ചാമത് ഒരു കുട്ടി കൂടി ചേർന്നാൽ ശരാശരി 6 വയസ്സ്. അഞ്ചാമന്റെ വയസ്സ് എത്ര?

(A) 2
(B) 4
(C) 3
(D) 5

88. ഒരു വസ്തുവിന് തുടർച്ചയായി 20%, 10%, 25% എന്ന രീതിയിൽ ഡിസ്കൗണ്ട് അനുവദിച്ചാൽ ആകെ ഡിസ്കൗണ്ട് എത്ര ശതമാനം?

(A) 55 ശതമാനം
(B) 54 ശതമാനം
(C) 46 ശതമാനം
(D) 42 ശതമാനം

89. ഒരാൾ A യിൽ നിന്നും മണിക്കൂറിൽ 30 കി.മീ വേഗത്തിൽ സഞ്ചരിച്ച് B യിൽ എത്തിച്ചേർന്നു. തിരികെ B യിൽ നിന്ന് A യിലേക്ക് മണിക്കൂറിൽ 50 കി.മീ. വേഗത്തിലും എത്തുന്നു. ഈ യാത്രയിൽ A യിൽ നിന്നും B യിലേക്കുള്ള ദൂരം എത്ര?

(A) 65 കി.മീ
(B) 75 കി.മീ
(C) 80 കി.മീ
(D) 90 കി.മീ

90. ഒരു സൈക്കിൾ 5 കിലോമീറ്റർ ദൂരം സഞ്ചരിക്കാൻ 25 മിനിറ്റ് എടുത്തു. ഇതേ വേഗതയിൽ 3.5 കിലോമീറ്റർ സഞ്ചരിക്കാനെടുക്കുന്ന സമയമെത്ര?

(A) 12.5 മിനിറ്റ്
(B) 15.5 മിനിറ്റ്
(C) 17.5 മിനിറ്റ്
(D) 18.5 മിനിറ്റ്

91. + എന്നാൽ X, - എന്നാൽ + ആയാൽ 14+3-4 എത്ര?

(A) 46
(B) 3
(C) 8
(D) 11



Teachingninja.in

92. ശരിയായ ഗണിതചിഹ്നങ്ങൾ തെരഞ്ഞെടുത്ത് സമവാക്യം പൂരിപ്പിക്കുക. (6 6) 6=30

(A) –,x (B) x,– (C) +,÷ (D) ÷ ,×

93. ശ്രേണിയിലെ അടുത്ത സംഖ്യ ഏത്? 12, 6, 24, 12, 48, 24, ..........

(A) 12 (B) 96 (C) 48 (D) 72

94. ഒരു കോഡ് ഭാഷയിൽ POLICE എന്ന വാക്കിനെ OMIEXY എന്ന് കോഡ് ചെയ്യാമെങ്കിൽ LABOUR എന്ന വാക്കിനെ എങ്ങനെ എഴുതാം?

(A) KYYKPL (B) YKKYLP (C) KZCPPL (D) YKKLYP

95. താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ ഇംഗ്ലീഷ് അക്ഷരമാലാക്രമത്തിൽ ക്രമീകരിച്ചാൽ ആദ്യം വരുന്ന വാക്കേത്?

(A) Cloud (B) Middle (C) Chain (D) Grunt

96. Equivalent___________ മായി ബന്ധമില്ല.

(A) Equity (B) Equal (C) Tale (D) Lent

97. ബന്ധം കണ്ടുപിടിക്കുക: കാർഡിയോളജി : ഹൃദയം : നെഫ്രോളജി : ___________

(A) കരൾ (B) തലച്ചോറ്

(C) വൃക്കകൾ (D) കണ്ണുകൾ

98. താഴെ കൊടുത്തിട്ടുള്ള പദങ്ങളിൽ വേറിട്ടു നിൽക്കുന്ന പദം ഏതാണ്?

(A) ചെമ്പ് (B) അൽനിക്കോ

(C) അലൂമിനിയം (D) ഇരുമ്പ്

99. 4 കൊല്ലം മുമ്പ് അമ്മയ്ക്ക് മകളുടെ 3 ഇരട്ടി വയസ്സായിരുന്നു. 6 കൊല്ലം കഴിഞ്ഞാൽ അമ്മയ്ക്ക് മകളുടെ ഇരട്ടി വയസ്സാകും. മകളുടെ ഇന്നത്തെ വയസ്സ് എത്ര ?

(A) 12 (B) 14 (C) 16 (D) 18

100. 40 കുട്ടികളുള്ള ക്ലാസ്സിൽ വിശ്വനാഥന്റെ റാങ്ക് മുന്നിൽ നിന്ന് 19-ാമതാണ്. അവസാനത്തുനിന്ന് വിശ്വനാഥന്റെ റാങ്ക് എത്ര?

(A) 22 (B) 21 (C) 20 (D) 23



Teachingninja.in

**SPACE FOR ROUGH WORK**

Teachingninja.in



Teachingninja.in